**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1422** **08-12-2022 - ൽ മറുപടിയ്ക്ക്**

**ആലുവ ഗവ.ഗസ്റ്റ് ഹൗസ് ഹെറിറ്റേജ് ബ്ലോക്കിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ ഗവ. ഗസ്റ്റ് ഹൗസ് ഹെറിറ്റേജ് ബ്ലോക്കിലെ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ആലുവ ഗവ. ഗസ്റ്റ് ഹൗസ് ഹെറിറ്റേജ് ബ്ലോക്കിലെ നവീകരണ പ്രവൃത്തികൾ 09-11-2022 തീയതിയിലെ സ.ഉ. (സാധാ) നം. 403/2022/ടൂറിസം പ്രകാരം "റെനോവേഷൻ ആൻഡ് അപ്ഗ്രഡേഷൻ ഓഫ് മെയിൻ ബ്ലോക്ക് അറ്റ് ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, ആലുവ" എന്ന പ്രവൃത്തിയ്ക്കായി 4.36 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്കായുള്ള 30.03.2020 ലെ സ.ഉ. (സാധാ)നം.150/2020/ടൂറിസം. ഉത്തരവ് പുതുക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഈ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാകാമോ; | (ബി) | 30-03-2020-ലെ സ.ഉ(സാധാ) നം. 150/2020/ ടൂറിസം ഉത്തരവ് പുതുക്കിയിട്ടില്ല. "റെനോവേഷൻ ആൻഡ് അപ്ഗ്രഡേഷൻ ഓഫ് മെയിൻ ബ്ലോക്ക് അറ്റ് ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, ആലുവ" എന്ന പ്രവൃത്തിയ്ക്ക് പുതിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയ്ക്കായി പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രൈസ് ഐഡി നമ്പർ അറിയിക്കാമോ; ഇതുപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റുകളുടെ പ്രൈസ് ഐ.ഡി. നമ്പർ ചുവടെ ചേർക്കുന്നു.<br>Civil work - 2022/12464<br>Electrical work - 2022/12467<br>ELV works - 2022/12623<br>FPS and HVAC works - 2022/12468<br>Interior works - 2022/12466<br>PH works - 2022/12465<br>ടി എസ്റ്റിമേറ്റ് പ്രകാരം പുതിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതല ഏത് സർക്കാർ അക്രഡിറ്റഡ് ഏജൻസിയ്ക്കാണ് | (ഡി) | അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു |

| | | | |
|---|---|---|---|
| | നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | | വരുന്നു. |
| (ഇ) | പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | ടി പദ്ധതി 24 മാസകാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ